# മുദ്ര



**LITTLE KITES 2019-20**
**APHS ALAGAPPANAGAR**

## ഉള്ളടക്കം

സന്ദേശം........6
........9
എഡിറ്റോറിയൽ ബോർഡ്........9
എഡിറ്റോറിയൽ........11
ഓർമ്മകൾ മരിക്കുന്നില്ല........12
പ്രളയ ബാധിതർക്ക് സഹായം........13
യാത്രാവിവരണം........14
എസ് പി സി ഉദ്ഘാടനം........15
ഫുട്ബോൾ കിക്ക് ഓഫ്........16
........17
മഴ........17
മാതൃഭൂമി സീഡ് അവാർഡ്........18
കായികമേള........19
എസ് പി സി ക്യാമ്പ്........20
കത്ത്........21
കരുണ........23

# A P H S S ALAGAPPANAGAR




മുദ



*HEAD MISTRESS   SINI M KURIAKOSE*



*PTA PRESIDENT  SOJAN JOSEPH*

## സന്ദേശം

അറിവിന്റെ കൂടാരമാണ് വിദ്യാലയം .  സമഗ്രവികസനത്തിന് ഉതകുന്ന വിദ്യാഭ്യാസമായിരിക്കണം ഓരോ വ്യക്തിക്കും ലഭിക്കേണ്ടത് .  ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വിദ്യാഭ്യാസത്തെ സ്വാധീനിക്കുന്നു.  ഇക്കാലത്ത് ഫലപ്രദമായ ഇതിന്റെ ഉപയോഗം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.  തികച്ചും ത്വര ഉളവാക്കുന്ന പ്രവർനമായിരിക്കണം ഓരോ വ്യക്തികളും നടത്തേണ്ടത്. സ്കൂളിലെ ഓരോ പ്രവർത്തനവും കുട്ടികളുടെ കഴിവിന്റെ പ്രതിഫലനമാണ് .  ഓരോന്നും ഓരോ കുട്ടികളുടേയും സമർപ്പണമാണ്.  ഈ മാഗസീൻ വിദ്യാർത്ഥികളുടെ മുഖച്ഛായ മാറ്റം എന്നതിൽ തർക്കമില്ല.  എല്ലാ വിജയാശംസകളും നേരുന്നു.

HEAD MISTRESS

SINI M KURIAKOSE



**LITTLEKITES BATCH 2018-2020**




**LITTLE KITES BATCH 2019-2021**

# എഡിറ്റോറിയൽ ബോർഡ്

DILNA

AVANI

RUKSANA

EVA MARIYA

PRASAD C K

REJI KOCHAPPAN

# എഡിറ്റോറിയൽ

കളിയും ചിരിയും തമാശയും കുറുമ്പുകളും  നിറഞ്ഞ സ്കൂൾ ജീവിത യാത്രയ്ക്കിടയിൽ എപ്പോഴൊക്കെയോ  നമ്മുടെ മനസ്സിന്റെ വാതായനങ്ങൾക്കിടയിൽ നുരഞ്ഞു പൊങ്ങുന്ന ജീവിത യാഥാർത്ഥ്യങ്ങളുടെ ഓർമ്മക്കുറിപ്പുകൾ എവിടേയൊക്കെയോ കുത്തികുറിക്കണമെന്ന് തോന്നുന്ന മനസ്സുകൾ വിരളമാണെങ്കിലും അത്തരം മനസ്സുകൾക്ക് കൂട്ടായി എന്നും അളഗപ്പനഗർ പഞ്ചായത്ത് ഹൈസ് ക്കൂളിലെ ലിറ്റിൽ കൈറ്റ് മാഗസീൻ നിലകൊള്ളുന്നു.

സർഗ്ഗ വാസനയുടേയും ഓർമ്മകളുടേയും താളുകൾ തുറക്കുന്ന പ്രസ്തുത മാഗസീൻ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരു പോലെ മുതൽക്കൂട്ടാകുമെന്ന് ഇവിടെ സൂചിപ്പിക്കട്ടെ .വർഷങ്ങളോളമായി ജൈത്രയാത്ര തുടരുന്ന ലിറ്റിൽ കൈറ്റ് അതിന്റെ വിജയപന്ഥാവിലേക്ക് ഉയരുന്നതിനായി അധ്യാപകരും വിദ്യാർത്ഥികളും അനധ്യാപകരും ഒരുപോലെ സഹകരിക്കണമെന്നും ഇതുവരെ സഹകരിച്ച എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചുകൊണ്ടും ലിറ്റിൽ കൈറ്റിലെ സമർത്ഥരായ വിദ്യാർത്ഥികളുടെ കൂട്ടായ്മ കൃതികളിലൂടെ എല്ലാവർക്കുമായി സമർപ്പിക്കുന്നു.

PRASAD C K
KITE MASTER

മുദ്ര

FeaturePics.com - I1543422

# ഓർമ്മകൾ മരിക്കുന്നില്ല

കാലമൊരിടവഴിയായി
കാത്തുനിൽക്കുന്നു.
കാഴ് ചകളിലൊക്കെയും
ഓർമ്മകൾ പൂത്തുനിൽക്കുന്നു.
പുഴയോർമ്മിക്കുമോ
പുഴയൊഴുക്കിയ കടലാസു വഞ്ചിയെ
പൂമരമറിയുമോ
കാണാതെ പോയ സ്നേഹ പുഷ്പങ്ങളെ
കാറ്റ് മറിച്ചിട്ട സുഗന്ധസ്വപ്നമേ
വഴിയിലൊരിക്കലും വന്നു നിൽക്കരുതേ
ഈ ഓർമ്മയും ജീവിതവുമൊന്നാകുമ്പോൾ
ശരീരമാകെ നീറിപുകയുന്നു.
സ്വപ്നങ്ങളിൽ
വേദനയുടെ നെഞ്ചരിയുന്നു.
എങ്കിലുമോമലേ ഉള്ളിലെ കടൽ
പുറത്തൊരു തിരപോലുമില്ല.

മുദ

# പ്രളയ ബാധിതർക്ക് സഹായം







# യാത്രാവിവരണം

ഞങ്ങൾ യാത്ര പോയത് അതിമനോഹരമായ പീച്ചി ഡാമിലേക്ക് ആണ്. അവിടം നല്ല രസമായിരുന്നു .ഓണത്തോടനുബന്ധിച്ച് ദിപാലങ്കാരമുണ്ടായിരുന്നു. പ്രധാനമായും പറയാനുള്ളത് വെള്ളച്ചാട്ടത്തെപറ്റിയാണ്.ഞങ്ങൾ കുറെനേരം നോക്കിനിന്നുപോയി.കാരണം അതിമനോഹരമായിരുന്നു ഡാമിൽ വെള്ളം അതികമായിരുന്നു.അതിനാൽ,അവിടുത്തെ ഷട്ടറുകൾ തുറന്നു വിട്ടിരുന്നു.വെള്ളം ഷട്ടറിൽ നിന്ന് വീഴുന്നത് കാണാൻ പഞ്ഞിക്കെട്ടുപോലെയായിരുന്നു പിന്നെ,കുട്ടികൾക്ക് കളിക്കാനായി ഒരുപാട് സാധനങ്ങളും അതായത്പാർക്കും ഉണ്ടായിരുന്നു.കുറെ മരങ്ങളും ചെടികളും കാണാൻ ഇടയായി.

പിന്നെ അവിടെ വലിയ ഒരു കെട്ടിടം ഉണ്ടായിരുന്നു.അതിന്റെ മുകളിൽ നിന്ന് ഡാം കാണാൻ നല്ല രസമായിരുന്നു.ആ കാഴ്ച മറക്കാൻ പറ്റാത്ത ഒന്നായിരുന്നു.കെട്ടിടത്തിന്  താഴെ നല്ല പച്ചപ്പുള്ള സ്ഥലം ഉണ്ടായിരുന്നു.അവിടെ നിന്ന് ഞങ്ങൾ കുറെ ഫോട്ടോസ് ഇടുത്തു. ഞങ്ങൾ ഐസ് ക്രീം കഴിച്ചു.യന്ത്രഊഞ്ഞാലിലും മറ്റു യന്ത്രങ്ങളിലും കയറി.രാത്രി ആയപ്പോൾ സന്തോത്തോടെ ഞങ്ങൾ വീട്ടിലേക്ക് മടങ്ങി.

Jovita Joji,IX B



# എസ് പി സി  ഉദ്ഘാടനം








# ഫുട്ബോൾ കിക്ക് ഓഫ്


KICKOFF
( GIRLS)
GRASS ROOTS FOOTBALL TRAINING PROGRAMME
GOVT: OF KERALA
(Directorate Of Sports & Youth Affairs)
SELECTION TRIALS





# മഴ



മഴ പെയ്യുമ്പോൾ ഒരു കുടവേണം
മഴ പെയ്തില്ലെങ്കിൽ കുട വേണ്ട
മഴ മഴ മഴ ആപ്പുവിളിക്കും തവകളെ കണ്ടിട്ടുണ്ടോ
മഴയില്ലെങ്കിൽ കുടവേണ്ട
മഴയുണ്ടെങ്കിൽ കുടവേണം
മഴയിൽ കളിക്കും കുട്ടികളെ നിങ്ങൾ
ചാടി തുള്ളി കളിക്കേണം
മഴയിൽ ചാടി കളിച്ചാലോ
പനി വരുമെന്ന് ഓർക്കേണം
മഴയിൽ കളിച്ചാലോ
ആനന്ദത്തിൽ പുതുമഴയാ
മഴ വന്നാൽ പുഴ നിറയും
മഴ വന്നാൽ തോട് നിറയും
മഴ വന്നാല്ലോ കിണർ നിറയും
കടലും കായലും നിറഞ്ഞീടും
മഴ വന്നാൽ പിന്നെ കുട്ടികളോ
മഴയത്തിറങ്ങി നടപ്പാണ്
നല്ലൊരു കാലം മഴക്കാലം
അത് നല്ലൊരു മഴതൻ ആനന്ദം
എന്തൊരു എന്താരു ആനന്ദം
അത് മഴ പെയ്താൽ മാത്രം കിട്ടും
അങ്ങനെ മഴ പെയ്തു മഴയത്ത് കഴിഞ്ഞാൽ
അത് അങ്ങനെയൊരു ആനന്ദം
മഴ പെയ്യുമ്പോൾ മീനുകളെല്ലാം
അങ്ങുമിങ്ങും നടക്കുകയാ
മഴയില്ലാത്തൊരു ഭൂമിയില്ല
മഴയില്ലാത്തൊരു ആനന്ദമില്ല
മഴ മഴ മഴ മഴ പെയ്യുന്ന ആനന്ദത്തിൽ
പെരുമഴയായ്
മഴ മഴ മഴ മഴ മഴയാണേ ആനന്ദത്തിൽ
പുതുമഴയാ.......

**മുദ**

# മാതൃഭൂമി സീഡ് അവാർഡ്



# കായികമേള


BLUEHOUSE
RED
YELLOW
REDMI NOTE 7 PRO
48MP DUAL CAMERA
2019/9/25 11:49



# എസ് പി സി ക്യാമ്പ്





# കത്ത്

കത്തുകൾ സോർട്ടു ചെയ്യുന്നതിനിടയിലാണ് പോസ്റ്റ് മാൻ കുമാരേട്ടൻ കൗതുകകരമായ ആ മേൽവിലാസം കണ്ട് അമ്പരന്നത് .

To
ദൈവം
സ്വർഗ്ഗം
ആകാശം വഴി

from
ഉണ്ണികുട്ടൻ
കളത്തിൽ വീട്
അളഗപ്പനഗർ

എന്നായിരുന്നു മേൽവിലാസം . ദൈവത്തിന് ആരാണ് ഇങ്ങനെ കത്തെഴുതുന്നത് എന്ന് ചിന്തിച്ചുകൊണ്ട് കത്ത് വായിക്കുന്നതിന് വെമ്പൽ കൂട്ടി.

എന്റെ പ്രിയപ്പെട്ട ദൈവമേ , എന്റെ സ്കൂളിൽ നിന്ന് വിനോദയാത്രക്ക് പോകുന്നുണ്ട് 200 രൂപയാണ് ചാർജ്ജ് . അച് ഛന് പണിയില്ലാത്ത കാരണം എനിക്ക് പൈസ ചോദിച്ചിട്ട് തന്നില്ല. വിനോദയാത്രക്ക് പോകാൻ അത്രയും ഇഷ്ടമായതുകൊണ്ട് സങ്കടം സഹിക്കാൻ കഴിയുന്നില്ല. എനിക്ക് 200 രൂപ മണിയോർഡറായി അയച്ചുതന്ന് സഹായിക്കണേ ; ദൈവത്തിന് നല്ലത് വരും

എന്ന്

സ്നേഹം നിറഞ്ഞ ഉണ്ണിക്കുട്ടൻ

കത്ത് വായിച്ച് കഴിഞ്ഞപ്പോൾ കുമാരേട്ടന് സങ്കടം തോന്നി. എനിക്ക് ഈ കത്ത് ദൈവത്തിന് എത്തിക്കാമെങ്കിൽ എന്റെ സങ്കടവും ദൈവത്തിനോട് പറയാമായിരുന്നു. ഞാനെങ്ങനെ സ്വർഗ്ഗത്തിൽ പോകും . ഈ കത്ത് എങ്ങനെ ദൈവത്തിന് കൊണ്ട് കൊടുക്കും . തുച്ഛമായ ശമ്പളമാണ് തനിക്ക് ലഭിക്കുന്നതു തന്നെ .തന്റെ ബുദ്ധിമുട്ടുകൾ തനിക്കും ദൈവത്തിനും മാത്രമേ അറിയുകയുള്ളു. കുമാരേട്ടൻ തലപുകഞ്ഞാലോചിച്ചു.എന്തുചെയ്യണമെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല. അവസാനം 150 രൂപ മണിയോർഡറായി അയക്കാൻ തീരുമാനിച്ചു. ബാക്കി 50 രൂപ എങ്ങനേയെങ്കിലും അവൻ ഉണ്ടാക്കട്ടെ ,
തന്റെ ജീവിതത്തിലെ കഷ്ടപ്പാടുകൾക്കിടയിലും ഒരു പാവം വിദ്യാർ ത്ഥിക്ക് വിനോദയാത്രക്ക് പോകാൻ 150 രൂപ അയച്ചുകൊടുത്ത ചാരിതാർത്ഥ്യത്തോടെ കുമാരേട്ടൻ അന്ന് രാത്രി കിടന്നുറങ്ങി .

മുദ

അന്നും പതിവുപോലെ കത്തുകൾ സോർട്ട് ചെയ്യുന്നതിനിടയിൽ അതേ മേൽവിലാസത്തിൽ വീണ്ടും ഒരു കത്തു കിട്ടി.

To
ദൈവം
സ്വർഗ്ഗം
ആകാശം വഴി

from
ഉണ്ണിക്കുട്ടൻ
കളത്തിൽ വീട്
അളഗപ്പനഗർ

എന്റെ പ്രിയപ്പെട്ട ദൈവമേ അങ്ങ് എനിക്ക് മണിയോർഡറായി അയച്ചുതന്ന 200 രൂപയിൽ നിന്നും 50 രൂപ പോസ്റ്റ് മാൻ കട്ടെടുത്തു. ഉടൻ തന്നെ 50 രൂപ അയച്ചുതരണമെന്ന് പാവം ഉണ്ണിക്കുട്ടൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന്
പാവം ഉണ്ണിക്കുട്ടൻ

കുമാരേട്ടൻ കത്ത് വായിച്ച് വീണ്ടും അമ്പരന്നു. ഇനി എന്തു ചെയ്യും കുട്ടിയെ സങ്കടപ്പെടുത്താനും പാടില്ല . ഒപ്പം തനിക്കെതിരായ പേരുദോഷം മാറ്റാനും 50 രൂപയും കൂടി പോസ്റ്റ് മാൻ കുമാരേട്ടൻ മണിയോർഡറായി അയച്ചു കൊടുത്തു. തുച്ഛമായ ശമ്പളത്തിൽ നിന്ന് 200 രൂപ പോയപ്പോൾ കുമാരേട്ടൻ ആകെ കഷ്ടത്തിലായി. എന്നാലും ആ കുട്ടിക്ക് കൊടുക്കാൻ കഴിഞ്ഞതിൽ അയാൾക്ക് സ്വയം അഭിമാനം തോന്നി . വീട്ടിൽ ഭാര്യ അത് വാങ്ങിയില്ല. ഇത് വാങ്ങിയില്ല എന്ന് എപ്പോഴും കുറ്റപ്പെടുത്തി തുടങ്ങി . വിഷമം സഹിക്കാൻ കഴിയാതായപ്പോൾ വീട്ടിലേക്ക് നേരം വൈകി വരാൻ തുടങ്ങി. ദൈവത്തോട് ഇടയക്കിടെ കുമാരേട്ടൻ പ്രാർത്ഥനയിലൂടെ പരാതി പറയാൻ തുടങ്ങി . എന്തോ നിരന്തരമായ പരാതിയിലൂടെയാണെന്നു തോന്നുന്നു. അക്കൊല്ലത്തെ ഏറ്റവും മികച്ച പോസ്റ്റ് മാനുള്ള കാഷ് അവാർഡ് കുമാരേട്ടനെ തേടിയെത്തി. കുമാരേട്ടൻ സ്വയം മറന്ന് തുള്ളിച്ചാടി. ഒപ്പം ഉണ്ണിക്കുട്ടന്റെ മേൽവിലാസവും ഓർമ്മ വന്നു.

To ദൈവം സ്വർഗ്ഗം ആകാശം വഴി.

By
PRASAD APHS

# കരുണ



മൂരി നീർന്നുണരുന്ന അടുപ്പിന്നരികത്തു
ചാരത്തിൽ മയങ്ങിയ പൂച്ചയും കുഞ്ഞുങ്ങളും
കുടഞ്ഞു ചിതറിച്ചു ചാരമാ നാശങ്ങളെ
തൊഴിച്ചു തെറിപ്പിക്കാൻ കാലുയർത്തവേ മ്യാവൂ
കിണുങ്ങി കുറിഞ്ഞികൾ കാലിൽ വന്നുരുമ്മുന്നു.
തൊഴിക്കാനുയർന്ന കാൽ കഴുകി മടങ്ങുന്നോ

DILNA IX B